LIBRARY ARCHIVES Kerala Legislative Assembly

ടിവാൻഡ്രം ഗോൾഫ് ക്ലബ്ബിലെ വാട്ടർ ചാർജ്, വൈദ്യുതി ചാർജ്ജ് എന്നിവയിലെ കടിശ്ശിക

130(3052) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടിവാൻടം ഗോൾഫ് ക്ലബ്, സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് കൈമാറുമ്പോൾ വാട്ടർ ചാർജ് വൈദ്യുതി ചാർജ് എന്നീ ഇനങ്ങളിൽ എത്ര രൂപയാണ് പിരിഞ്ഞുകിട്ടാനുണ്ടായിരുന്നത് ;

(ബി) ഈ തുക സർക്കാരിലേക്ക് പിരിഞ്ഞുകിട്ടിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ തുക പിരിച്ചെടുക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ടിവാൻഡ്രം ഗോൾഫ് ക്ലബ്ബിൽനിന്നും വാട്ടർ ചാർജ്ജ് ഇനത്തിൽ 2,18,03,802 രൂപ (രണ്ടു കോടി പതിനെട്ടു ലക്ഷത്തി മൂവായിരത്തി എണ്ണൂറ്റി രണ്ട് രൂപ) സർക്കാരിലേയ്ക്ക് പിരിഞ്ഞുകിട്ടാനുണ്ട്. വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശിക ഇല്ല.

(ബി) കിട്ടിയിട്ടില്ല.

(സി) ഇക്കാര്യത്തിൽ ഹൈക്കോടതി സ്റ്റേ നിലനിൽക്കുന്നതിനാൽ കേസ് തീരുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ഇ-സർട്ടിഫിക്കറ്റുകളായി ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ

131(3053) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളിൽനിന്നും ലഭ്യമാകുന്ന ഇ-സർട്ടിഫിക്കറ്റുകൾക്കായി അപേക്ഷകൻ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ; ഫീസുകൾ അടയ്ക്കേണ്ടവിധം എങ്ങനെയാണ് ;

(ബി) ഇതിനായി വില്ലേജ് ആഫീസുകളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ-ഗവേണൻസ് (NeGP) പദ്ധതിയുടെ ഭാഗമായാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി (ഇ-സർട്ടിഫിക്കറ്റുകൾക്കായി) നടപ്പിലാക്കുന്നത്. NeGP മാർഗ്ഗരേഖപ്രകാരം കോമൺ സർവ്വീസ് സെന്ററുകൾ ഈ പദ്ധതിയുടെ അവശ്യഘടകമാണ്. കേരളത്തിൽ അക്ഷയ സെന്ററുകളെയാണ് കോമൺ സർവ്വീസ് സെന്ററുകളായി തെരഞ്ഞെടുത്തിട്ടുള്ളത്. അക്ഷയ കേന്ദ്രങ്ങളുടെ സഹായത്തോടുകൂടി ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതും ആയതിലേയ്ക്കായി 17 രൂപ (അക്ഷയ സംരംഭകർക്ക് 10 രൂപ, സ്റ്റാമ്പിന് 5 രൂപ, ഡിപ്പാർട്ടുമെന്റ് സർവ്വീസ് ചാർജ്ജ് 2 രൂപ), സർവ്വീസ് ചാർജ്ജ് നൽകേണ്ടതും രേഖകൾ സ്കാൻ ചെയ്യുന്നതിലേയ്ക്കായി പേജ് ഒന്നിന് 2 രൂപ നിരക്കിൽ നൽകേണ്ടതുമാണ്. കൂടാതെ സർക്കാർ നടപ്പിലാക്കിയ ഓൺലൈൻ പേയ്മെന്റ് സംവിധാനംകൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നുതന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ഇതിലേയ്ക്കായി നൽകേണ്ട ഇക ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചാണ് നൽകേണ്ടത്.

(ബി) ഇതിനായി ഇപ്പോൾ ഒരു വില്ലേജിൽ ഒരു കമ്പ്യൂട്ടർ അല്ലെങ്കിൽ ഒരു ലാപ്ടോപ് എന്ന പ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇ-ഡിസ്ട്രിക്ട് സോഫ്റ്റ് വെയറിൽ നടപ്പിലാക്കിയിട്ടുള്ള scrutiny, Verification, Approval എന്നീ മൂന്ന് തലങ്ങളും ഒരു കമ്പ്യൂട്ടർ ഉപയോഗിച്ചാണ് നടത്തിവരുന്നത്. എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുള്ളതാണ്. ഈ പദ്ധതി തടസ്സങ്ങളില്ലാതെ മുന്നോട്ടുപോകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവുകളും ബന്ധപ്പെട്ട ബൈലോയും സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES, Kerala Legislative Assembly